## ചോ:

# "നാം രക്ഷിക്കപ്പെടുവാൻ ആത്മാവിനാൽ നയിക്കണമെങ്കിൽ, എങ്ങനെയാണു ഇന്ന് പരിശുദ്ധാത്മാവു നമ്മെ നയിക്കുന്നത്?"

## ഉത്തരം:

അടുത്ത ചില വർഷങ്ങളായി പരിശുദ്ധാത്മാവിൽ ഉള്ള താല്പര്യത്തിൽ നവീകരണം ഉണ്ടായി, ആകർഷകമായ മാറ്റങ്ങൾ ഉടലെടുത്തിട്ടുണ്ട്. ഈ മാറ്റത്തിന്റെ മുഖ്യസ്വഭാവം എന്തെന്നാൽ അതിൽ ഉൾപ്പെട്ടിരിക്കുന്നവർക്ക് പരിശുദ്ധാത്മ ശക്തിയാൽ അന്യഭാഷയിൽ സംസാരിക്കുവാൻ കഴിയും എന്ന് അവകാശപ്പെടുന്നു. അവർ ചെയ്യുന്നുണ്ടോ, ഇല്ലയോ? അത് പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. എന്നാൽ പരിശുദ്ധാത്മാവിനെ കുറിച്ച് മറ്റൊരു ചോദ്യം അതിലും അധികം പ്രാധാന്യമുള്ളതാണ്: നമ്മുടെ രക്ഷയിൽ പരിശുദ്ധാത്മാവ് എന്തുപങ്കാണ് വഹിക്കുന്നത്?

നാം രക്ഷിക്കപ്പെടേണ്ടതിന് പരിശുദ്ധാത്മാവ് ചില കാര്യങ്ങൾ ചെയ്യുന്നുണ്ട്. നാം ആത്മാവിനാൽ പുതുതായി ജനിക്കുന്നു (യോഹന്നാൻ 3:5); നാം ആത്മാവിനാൽ നീതീകരിക്കപ്പെടുന്നു (1 കൊരിന്ത്യർ 6:11); ആത്മാവിന്റെ പുതുക്കത്താൽ നാം രക്ഷിക്കപ്പെടുന്നു (തിത്തോസ് 3:5). ഇന്നു നിങ്ങൾ രക്ഷിക്കപ്പെടുമെങ്കിൽ, നിങ്ങൾ പരിശുദ്ധാത്മാവിനാൽ ആണ് രക്ഷിക്കപ്പെടുന്നത്.

പരിശുദ്ധാത്മാവ് എങ്ങനെയാണ് രക്ഷിക്കുന്നത്? ഉത്തരം റോമർ 8:14-ൽ കാണാം: "ദൈവത്തിന്റെ ആത്മാവ് നടത്തുന്നവരെല്ലാം, ദൈവത്തിന്റെ മക്കൾ ആകുന്നു." *ആത്മാവിനാൽ രക്ഷിക്കപ്പെടുവാൻ, നിങ്ങൾ ആത്മാവിനാൽ നയിക്കപ്പെടണം എന്നു ഞാൻ ഉറപ്പിച്ചു പറയട്ടെ!* അപ്പോൾ ചോദ്യം വരുന്നു: "നാം രക്ഷിക്കപ്പെടുവാൻ ആത്മാവിനാൽ നയിക്കപ്പെടണമെങ്കിൽ, എങ്ങനെയാണു ഇന്ന് പരിശുദ്ധാത്മാവു നമ്മെ നയിക്കുന്നത്?" നമുക്ക് അതിനുള്ള ഉത്തരം ഇങ്ങനെ ചോദിച്ചുകൊണ്ടു കണ്ടെത്താം, ആദ്യം, പരിശുദ്ധാത്മാവ് *എങ്ങനെ*യാണ് നമ്മെ നയിക്കുന്നത് എന്നും, രണ്ടാമത്, *എവിടെ*യാണ് പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നത്?

### പരിശുദ്ധാത്മാവ് എങ്ങനെയാണ് നമ്മെ നയിക്കുന്നത്?

പരിശുദ്ധാത്മാവ് നമ്മെ എങ്ങനെ നയിക്കുന്നു? ചുരുങ്ങിയത് മൂന്നു സാധ്യതകൾ കണ്ടെത്തുവാൻ കഴിയും:

#### അത്ഭുതത്താലാണോ?

ആത്മാവ് നമ്മെ രക്ഷയിലേക്ക് *നേരിട്ടും അത്ഭുതകരവുമായിട്ടാണോ* നയിക്കുന്നത്? അവൻ നമ്മോട് അർദ്ധരാത്രിയിൽ ആണോ സംസാരി

ക്കുന്നത്? അവൻ നമുക്ക് പ്രത്യേക വെളിപ്പാടുകൾ നൽകുന്നുണ്ടോ? ഇന്ന് ആളുകൾക്ക് ദൂതന്മാരുടെ ദർശനങ്ങൾ ലഭിക്കുന്നുണ്ടോ? ദൈവം "ഒരു ചെറിയ, ഉറച്ച ശബ്ദത്തിൽ" സംസാരിക്കുമോ?

തീർച്ചയായും, ദൈവം പണ്ട് ആളുകളെ ആ രീതിയിൽ നയിച്ചിരുന്നു. എന്നാൽ ഈ കാലത്തിലും ദൈവം അതേ രീതിയിൽ തന്നെ ആളുകളെ നയിക്കുന്നു എന്നു തെളിയിക്കുവാൻ അതുമാത്രം പോരാ. എന്തുകൊണ്ട്? കാരണം ദൈവം ആളുകളോട് വ്യത്യസ്ത കാലയളവിൽ വ്യത്യസ്ത രീതിയിലാണ് ഇടപെട്ടിരുന്നത്; ദൈവം വിവിധ കാലയളവിൽ വിവിധ രീതിയിലാണ് ആളുകളോട് സംസാരിച്ചിരുന്നത് (എബ്രായർ 1:1, 2 നോക്കുക). അതിലുപരിയായി, പഴയനിയമകാലത്ത് ചെയ്തിരുന്ന കാര്യങ്ങളിൽ ചിലത് ദൈവം ആവർത്തിക്കുന്നില്ല. ഉദാഹരണത്തിന്, അവൻ തന്റെ പ്രപഞ്ചസൃഷ്ടിയോ, തന്റെ പുത്രനെ അയക്കുന്നതോ, അല്ലെങ്കിൽ ബൈബിളിനെ കുറിച്ചുള്ള അവന്റെ ദൈവശ്വാസീയതയോ, ആവർത്തിക്കുന്നില്ല. അതുകൊണ്ട് ചോദ്യം, "ദൈവം എന്താണ് ചെയ്തത്?" എന്നോ "ദൈവത്തിന് എന്തു ചെയ്യുവാൻ കഴിയും?'' എന്നോ അല്ല, മറിച്ച് ഇങ്ങനെയാണ് അത്: ''*ഇന്നു* ദൈവം എ*ന്താണ്* ചെയ്യുന്നത്?"

അത്ഭുതങ്ങളുടെ കാലം കഴിഞ്ഞുവെന്ന് ബൈബിൾ പഠിപ്പിക്കുന്നതുകൊണ്ടു, ദൈവം ഇന്ന് നേരിട്ടോ അല്ലെങ്കിൽ അത്ഭുതകരമായിട്ടോ ആളുകളെ നയിക്കുന്നില്ല എന്നു നാം പറയും. അത്ഭുതകാലം കഴിഞ്ഞു എന്നു ഞാൻ പറയുവാൻ കാരണം എന്താണ്? കാരണം അത് ആദ്യം പൗലൊസ് പറഞ്ഞു! പൗലൊസ് 1 കൊരിന്ത്യർ 12-ൽ പരിശുദ്ധാത്മാവിന്റെ അത്ഭുത വരങ്ങളെ കുറിച്ച് പറഞ്ഞിട്ടുണ്ട്. പിന്നെ, 1 കൊരിന്ത്യർ 13-ൽ അവൻ പറഞ്ഞതു "പൂർണ്ണമായതു വരുമ്പോൾ," ഈ അത്ഭുത വരങ്ങൾ നിന്നുപോകും (വാ. 8-10). അതാണ് യഥാർത്ഥത്തിൽ സംഭവിച്ചതു എന്നു ഞാൻ വിശ്വസിക്കുന്നു! പരിശുദ്ധാത്മാവിന്റെ അസാധാരണമായ വരങ്ങൾ - അന്യഭാഷയിൽ സംസാരിക്കുവാനുള്ള കഴിവു, രോഗശാന്തിക്കുള്ള കഴിവു, അത്ഭുത ജ്ഞാന വരം എന്നിവയടക്കം - നിന്നുപോയി. അവ പിന്നീട് ആവശ്യമില്ല. അവയെല്ലാം നൽകിയിരുന്നത് അപ്പൊസ്തലന്മാർ സംസാരിച്ച വചനങ്ങൾ ഉറപ്പിക്കുന്നതിനുവേണ്ടിയായിരുന്നു (മർക്കൊസ് 16:17-20; എബ്രായർ 2:2-4), എന്നാൽ ആ വചനം ഇപ്പോൾ ഉറപ്പിച്ചുകഴിഞ്ഞിരിക്കുന്നു. അവ വീണ്ടും തെളിയിക്കേണ്ടതില്ല. പുതിയ നിയമകാലത്ത് സംഭവിച്ചതുപോലെയുള്ള രോഗശാന്തിയുടെ ആവശ്യം ഇന്നില്ല (ഉദാഹരണത്തിന്, പ്രവൃത്തികൾ 3, നോക്കുക, അതിലുള്ള അത്ഭുതത്തെ ഇന്ന് അത്ഭുതങ്ങൾ - എന്ന പേരിൽ അറിയപ്പെടുന്നവയുമായി താരതമ്യം ചെയ്യാവുന്നതാണ്). ദൈവത്തിന്റെ വെളിപ്പാട് പൂർണ്ണമായതിലൂടെ കൈവരിച്ച, സഭയുടെ പക്വത, അസാധാരണമായവയുടെ കാലം അവസാനിച്ചതായി കാണിക്കുന്നു. അസാധാരണ വരങ്ങൾ നിന്നുപോയതുകൊണ്ട്, നാം പരിശുദ്ധാത്മാവിന്റെ അത്ഭുതപ്രവൃത്തികളോ പരിശുദ്ധാത്മാവിനാൽ അസാധാരണമായ നടത്തിപ്പോ ഇനി പ്രതീക്ഷിക്കേണ്ടതില്ല.

പരിശുദ്ധാത്മാവ് ഇന്ന് നേരിട്ടും അത്ഭുതകരമായിട്ടും ആളുകളുമായി ബന്ധപ്പെടുന്നുവെ*ങ്കിലും,* അവയാൽ അവൻ അവരെ രക്ഷിക്കുമെന്ന് സൂചന ഒന്നും ഇല്ല! പുതിയ നിയമത്തിൽ, ആത്മാവിന്റെ അത്ഭുതകരമായ നടത്തിപ്പ് ക്രിസ്തുവിന്റെ ശിഷ്യന്മാരായി തീർന്നവരിൽ ആയിരുന്നു സാധാ

രണ വന്നിരുന്നത്, അല്ലാതെ ക്രിസ്തുവിന്റെ ശരീരത്തിനു പുറത്തുള്ളവരിൽ ആയിരുന്നില്ല. *അവർക്കു* പോലും - ഉദാഹരണത്തിന്, ദൈവശ്വാസീയരായ അപ്പൊസ്തലന്മാർ - അത്തരം നടത്തിപ്പ് എല്ലായ്പ്പോഴും ലഭിച്ചിരുന്നില്ല. രണ്ടാമത്തെ മിഷ്ണറി യാത്രയിൽ മർക്കൊസിനെ അവരോടൊപ്പം കൊണ്ടുപോകണമോ എന്ന കാര്യത്തെ സംബന്ധിച്ചു പൗലൊസിനും ബർന്നബാസിനും ഇടയിൽ തർക്കമുണ്ടായി. സ്പഷ്ടമായും, ആ സന്ദർഭത്തിൽ ആരായിരുന്നു ശരി എന്ന് കർത്താവ് വെളിപ്പെടുത്തിയില്ല.

ഒരു പ്രത്യേക വ്യക്തിയെ സുവിശേഷം കേൾപ്പിച്ച് രക്ഷിക്കണമെന്ന് കർത്താവ് ആഗ്രഹിച്ചാൽ, അവൻ മനുഷ്യസന്ദേശ വാഹകരെ സുവിശേഷം അവനെ അറിയിക്കുവാൻ അയക്കുമെന്നാണ് പുതിയ നിയമം വ്യക്തമായി പഠിപ്പിക്കുന്നത്. എത്യോപ്യക്കാരന്റെ അടുക്കലേക്ക് അവൻ ഫിലിപ്പോസിനെ അയച്ചു (പ്രവൃത്തികൾ 8) കൊർന്നെല്യോസിന്റെ അടുക്കലേക്ക് അവൻ പത്രൊസിനെയും അയച്ചു (പ്രവൃത്തികൾ 10). അവൻ ആ രണ്ടുപേരെയും നേരിട്ടുള്ളതും അത്ഭുതത്താലുള്ളതുമായ നടത്തിപ്പിൽ രക്ഷി*ച്ചില്ല.*

നിങ്ങൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, പരിശുദ്ധാത്മാവിന്റെ അത്ഭുത സന്ദർശനം നിങ്ങൾ പ്രതീക്ഷിക്കരുത്. പകരം, കൊർന്നെല്യോസ് ചെയ്തതുപോലെ ചെയ്യുക: എങ്ങനെ രക്ഷിക്കപ്പെടാമെന്നു നിങ്ങൾക്കു പറഞ്ഞു തരുന്ന ഒരു സന്ദേശവാഹകനെ നിങ്ങൾ നോക്കുക (പ്രവൃത്തികൾ 11:14).

**വചനത്തിന്റെ പ്രത്യേക പ്രകാശത്താലോ?**

രണ്ടാമത്, നാം ചോദിച്ചേക്കാം, പരിശുദ്ധാത്മാവ് നമ്മെ *വചനത്തിന്റെ പ്രത്യേക പ്രകാശത്താലാണോ* നയിക്കുന്നത്? രക്ഷിക്കപ്പെടുവാൻ പരിശുദ്ധാത്മാവിൽ നിന്നു നിങ്ങൾക്കു പ്രത്യേകമായ വെളിപ്പാട് ആവശ്യമില്ലെങ്കിലും, ബൈബിൾ മനസ്സിലാക്കുവാൻ നിങ്ങൾക്ക് അവന്റെ പ്രത്യേക പ്രകാശം ആവശ്യമാണെന്ന്, ചില ആളുകൾ വിശ്വസിക്കുന്നു. അതു ശരിയാണോ?

ഒരു വ്യക്തി പ്രാർത്ഥനയോടെ ബൈബിൾ വായിക്കുകയും പഠിക്കുകയും വേണം, ബൈബിൾ മനസ്സിലാകുവാൻ അവൻ ദൈവത്തോടു സഹായം യാചിക്കണം. (ഉദാഹരണമായി, യാക്കോബ് 1:5, നോക്കുക.) എന്നാൽ നാം സംസാരിക്കുന്നത് അതിനേക്കാൾ അധികമാണ്. അത് പരിശുദ്ധാത്മാവിനാൽ നേരിട്ടു നൽകപ്പെട്ട പ്രകാശമാണ്, അതു കൂടാതെ ഒരാൾക്ക് ബൈബിൾ മനസ്സിലാക്കുവാൻ സാധ്യമല്ല, അതിനാൽ, അതു വരുമ്പോൾ, ഒരാളുടെ അന്ധത നീങ്ങി ഉടനെ കാര്യങ്ങൾ വ്യക്തമാക്കുന്നു. അത്തരം പ്രകാശം ആവശ്യമുണ്ടോ?

ഇല്ല, അതു നമുക്കു മനസ്സിലാക്കുവാൻ കഴിയുന്ന ഒരു പുസ്തകം പരിശുദ്ധാത്മാവ് നൽകിയിട്ടുള്ളതുകൊണ്ടല്ല! ബൈബിൾ സൂചിപ്പിക്കുന്നത് അതു വായിച്ച് മനസ്സിലാക്കാനുള്ളതാണ് എന്നാണ്. പൗലൊസ് പറഞ്ഞു, “നിങ്ങൾ ഇതു വായിച്ചാൽ ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിൽ എനിക്കുള്ള ബോധം നിങ്ങൾക്കുഗ്രഹിക്കാം” (എഫെസ്യർ 3:4). താൻ എഴുതിയത് എഫെസ്യർ *മനസ്സിലാക്കുവാനാണ്* പൗലൊസ് പ്രതീക്ഷിച്ചത്. അവർക്ക് അത്ഭുത സഹായമോ, അല്ലെങ്കിൽ ദൈവീക പ്രകാശമോ, അതു മനസ്സിലാക്കുവാൻ ആവശ്യമുള്ളതായി അവൻ പ്രതീക്ഷിച്ചില്ല. തീർച്ചയായും, നാം ബൈബിൾ വായിക്കുമ്പോൾ, *ചില* കാര്യങ്ങൾ അതിൽ (എല്ലാം അല്ലെങ്കിൽ മിക്കവയു

മല്ല, 2 പത്രൊസ് 3:15 മുതൽ.) മനസ്സിലാക്കുവാൻ പ്രയാസമുള്ളതായി തോന്നിയാലും, ബൈബിളിൽ മിക്കവയും നന്നായി മനസ്സിലാക്കുവാൻ പറ്റുന്നതാണ് എന്നു നമുക്കു കാണാം.

ബൈബിൾ മനസ്സിലാക്കുവാൻ പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ പ്രകാശം ആവശ്യമാണെന്നു വിചാരിക്കുക. അപ്പോൾ പിന്നെ അവന്റെ വചനങ്ങൾ വ്യാഖ്യാനിക്കുവാൻ അവന്റെ ആത്മാവുതന്നെ നമുക്കു വേണം, കാരണം ആദ്യം വചനം നൽകിയത് പരിശുദ്ധാത്മാവാണ് (2 തിമൊഥെയൊസ് 3:16, 17; 2 പത്രൊസ് 1:20, 21). രക്ഷയ്ക്കുവേണ്ടി അപ്പോൾ നമുക്ക് ഇരട്ട–ദൈവശ്വാസീയ സന്ദേശം വേണ്ടിവരും! ആദ്യം തന്നെ പരിശുദ്ധാത്മാവ് ദൈവശ്വാസീയമായി ബൈബിൾ നൽകി എങ്കിൽ, അതു മനസ്സിലാക്കുന്നതിനു മുൻപ് അതിന്റെ വായനക്കാർക്ക് ദൈവശ്വാസീയത നൽകണമായിരുന്നു എന്നു ചിന്തിക്കുന്നത് യുക്തിസഹജമാണോ?

അപ്പൊസ്തലന്മാരുടെ വാക്കുകൾ ഒന്നാം നൂറ്റാണ്ടിലെ ആളുകൾക്കു മനസ്സിലാക്കുവാൻ യാതൊരു പ്രത്യേക പ്രകാശവും ആവശ്യമായിരുന്നില്ല. പെന്തക്കൊസ്തു നാളിൽ ആളുകളോട് പത്രൊസ് മാനസാന്തരപ്പെട്ട് സ്നാനമേൽക്കുവാൻ പറഞ്ഞപ്പോൾ, അവർക്കത് തികച്ചും മനസ്സിലായി (പ്രവൃത്തികൾ 2:38 മുതൽ.). അതു മനസ്സിലാക്കുന്നതോ മനസ്സിലാക്കാതിരിക്കുന്നതോ എന്നതിനെ കുറിച്ചുള്ള കാര്യമല്ല; അതു സന്ദേശം കൈക്കൊള്ളുമോ അല്ലെങ്കിൽ തള്ളിക്കളയുമോ എന്നതിനെ കുറിച്ചുള്ള കാര്യമാണ്. അതാണ് ഇന്നത്തെ പ്രശ്നം: സന്ദേശം മനസ്സിലാക്കാവുന്നതാണ്, എന്നാൽ ചിലർ അതിനെ തള്ളിക്കളയുവാൻ തീരുമാനിക്കുന്നു.

പ്രത്യേക പരിശുദ്ധാത്മാവിന്റെ പ്രകാശം ആളുകൾ അന്വേഷിക്കുന്നതായി അവകാശപ്പെടുമ്പോൾ, അവർ പലപ്പോഴും ബൈബിൾ മനസ്സിലാക്കുന്നതിനു സഹായം ലഭിക്കുന്നതിൽ യഥാർത്ഥ താല്പര്യം കാണിക്കുന്നില്ല. മറിച്ചു അവർ വിശ്വസിച്ചിരിക്കുന്നതിനെ ന്യായീകരിക്കുന്നതായ എന്തിനെയോ അവർ പ്രതീക്ഷിക്കുകയാണ്! വാസ്തവത്തിൽ, അവർ പ്രാർത്ഥിക്കുന്നു, “ഞാൻ വിശ്വസിച്ചിരിക്കുന്നതിനെ മനസ്സിലാക്കുവാൻ, കർത്താവേ എന്നെ സഹായിക്കേണമേ.”

അതുകൊണ്ട്, പരിശുദ്ധാത്മാവിനാലുള്ള പ്രത്യേക പ്രകാശമല്ല, നിങ്ങൾക്ക് ആവശ്യം. പകരം, നിങ്ങൾക്ക് ആവശ്യം, തിരുവെഴുത്ത് വ്യക്തമായി പറയുന്നത് സ്വീകരിപ്പാനും, വിശ്വസിപ്പാനും, അനുസരിക്കുവാനും ഉള്ള മനസ്സാണ്.

**ദൈവവചനത്താലോ?**

അത്ഭുതകരമായോ അല്ലെങ്കിൽ പ്രത്യേക വചനത്തിന്റെ പ്രകാശത്താലോ നയിക്കുന്നതിനു പകരം, പരിശുദ്ധാത്മാവ് *ബൈബിൾ, അഥവാ ദൈവത്തിന്റെ വചനം* മുഖാന്തരമാണ് നമ്മെ രക്ഷയിലേക്ക് നയിക്കുന്നത്.

അപ്പൊസ്തലന്മാർക്കു നൽകിയതായ വാഗ്ദാനങ്ങൾ ശ്രദ്ധിക്കുക: “അവൻ [പരിശുദ്ധാത്മാവു] വന്നു, പാപത്തെ കുറിച്ചും, നീതിയെ കുറിച്ചും, ന്യായവിധിയെ കുറിച്ചും, ലോകത്തിന്നു ബോധം വരുത്തും; അത് അവർ, എന്നെ വിശ്വസിക്കായ്ക കൊണ്ടത്രെ” (യോഹന്നാൻ 16:8, 9). രക്ഷിക്കപ്പെടുവാൻ, നമുക്ക് പാപത്തെ കുറിച്ചും, നീതിയെ കുറിച്ചും, ന്യായവിധിയെ കുറിച്ചും ബോധ്യം ആകേണ്ടതുണ്ട്! പുതിയ നിയമ കാലത്ത് പരിശുദ്ധാ

ത്മാവ് എങ്ങനെയാണ് പാപത്തെ കുറിച്ച് ആളുകളെ ബോധ്യം വരുത്തിയത്? പ്രവൃത്തികൾ 2-ൽ യേശു കർത്താവും ക്രിസ്തുവുമാണെന്നു പത്രൊസ് *പ്രസംഗിച്ച*തായി നാം വായിക്കുന്നു. എന്തായിരുന്നു അതിന്റെ ഫലം? പാപത്തെ കുറിച്ചുള്ള ഒരു ബോധം: "അവർ ഇതുകേട്ടിട്ട്, ഹൃദയത്തിൽ കുത്തുകൊണ്ടു, പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും, 'സഹോദരന്മാരായ പുരുഷന്മാരെ, ഞങ്ങൾ എന്തു ചെയ്യേണ്ടു?' എന്നു ചോദിച്ചു" (പ്രവൃത്തികൾ 2:37). പരിശുദ്ധാത്മ-ശ്വാസീയമായ വചനം പ്രസംഗിച്ചതു മുഖാന്തരം ബോധം വന്നു! അതുകൊണ്ടു "ആത്മാവിന്റെ വാൾ, ... ദൈവത്തിന്റെ വചനമാണ്" എന്നു പൗലൊസ് പറഞ്ഞതിൽ അതിശയിക്കുവാനില്ല (എഫെസ്യർ 6:17). ആത്മാവ് ആളുകളെ രക്ഷയിലേക്ക് നയിക്കുമ്പോൾ, തന്റെ വാളായ ദൈവത്തിന്റെ വചനം, ഉപയോഗിക്കുന്നത്, മുറിവേൽപ്പിക്കുവാനും, ബോധം വരുത്തുവാനും, തെളിയിക്കുവാനും ആണ്.

രക്ഷിക്കപ്പെടുവാനും, നാം വെള്ളത്താലും ആത്മാവിനാലും, ജനിക്കണം എന്നു ബൈബിൾ പറയുന്നു. അതുകൊണ്ടു, നാം *ആത്മാവിനാൽ ജനിക്കുന്നു* (യോഹന്നാൻ 3:5, 9). നാം വീണ്ടും *വചനം മുഖാന്തരം* ജനിക്കുന്നു എന്നും ബൈബിൾ പഠിപ്പിക്കുന്നു: നാം "കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നേ വീണ്ടും ജനിച്ചിരിക്കുന്നു" (1 പത്രൊസ് 1:23).

കൂടാതെ, നാം *ആത്മാവിൽ ശുദ്ധീകരിക്കപ്പെടുന്നു* എന്നും ബൈബിൾ പറയുന്നു: "... നിങ്ങളെ തന്നെ ആത്മാവിനാലും കഴുകി, ... ശുദ്ധീകരണവും, ... നീതീകരണവും, കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാപിച്ചിരിക്കുന്നു" (1 കൊരിന്ത്യർ 6:11). നാം *വചനം മുഖാന്തരം* ശുദ്ധീകരിക്കപ്പെടുന്നു എന്നു അതു പഠിപ്പിക്കുന്നു. യേശു പറഞ്ഞു, "നിന്റെ വചനത്താൽ അവരെ ശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യമാകുന്നു" (യോഹന്നാൻ 17:17).

നാം *ആത്മാവിനാൽ രക്ഷിക്കപ്പെടുന്നു* എന്ന് ബൈബിൾ പഠിപ്പിക്കുന്നു: "നാം ചെയ്ത നീതിപ്രവൃത്തികളാൽ അല്ല, തന്റെ കരുണപ്രകാരമത്രെ രക്ഷിച്ചത്, അത് പുനർജ്ജനനസ്നാനം കൊണ്ടും പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നെ" (തിത്തോസ് 3:5). *വചനം മുഖാന്തരം* നാം രക്ഷിക്കപ്പെടുന്നു എന്നും ബൈബിൾ പഠിപ്പിക്കുന്നു: "... നിങ്ങളുടെ ആത്മാക്കളെ രക്ഷിക്കാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം, സൗമ്യതയോടെ കൈക്കൊൾവിൻ" (യാക്കോബ് 1:21).

അതുകൊണ്ടു, *നമ്മെ രക്ഷയിലേക്ക് നയിക്കുവാൻ പരിശുദ്ധാത്മാവ് ചെയ്യുന്നത്*, *വചനം മുഖാന്തിരമാണ്* എന്നു നാം ഉറപ്പിക്കുന്നു! നിങ്ങൾ പരിശുദ്ധാത്മാവിനാൽ രക്ഷപ്രാപിക്കുവാൻ ആഗ്രഹിക്കുന്നുണ്ടോ? എന്നാൽ നിങ്ങൾ ആത്മാവിനാൽ നയിക്കപ്പെടുക. നിങ്ങൾ ആത്മാവിനാൽ നയിക്കപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, പിന്നെ നിങ്ങൾ പരിശുദ്ധാത്മാവ് ശ്വാസീയമായി നൽകിയതായ വചനത്താൽ നയിക്കപ്പെടണം.

### പരിശുദ്ധാത്മാവ് എവിടെയാണ് നമ്മെ നയിക്കുന്നത്?

പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നത് എവിടെ? ദൈവത്തിന്റെ വചനം അവൻ ദൈവശ്വാസീയമാക്കി തീർത്തു. അവൻ വചനം മുഖാന്തരം നമ്മെ നയിക്കുന്നു. എന്നാൽ എന്തു ചെയ്യുവാനാണ് പരിശുദ്ധാത്മാവ് നമ്മോടു പറയുന്നത്? ഉത്തരത്തിനായി, പുതിയ നിയമം എടുത്ത് വായിക്കുക.

**ക്രിസ്തുവിലുള്ള ഒരു വിശ്വാസം**

ആദ്യം, അവൻ നിങ്ങളെ ക്രിസ്തുവിൽ ഉള്ള വിശ്വാസത്തിലേക്ക് നയിക്കുന്നു. യേശു പറഞ്ഞു, പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ, എന്നെ സാക്ഷീകരിക്കും (യോഹന്നാൻ 15:27) അവൻ യേശുവിനെ മഹത്വപ്പെടുത്തും (യോഹന്നാൻ 16:14). പരിശുദ്ധാത്മാവിനാൽ ശ്വാസീയമാക്കിയ വചനം (2 തിമൊഥെയൊസ് 3:16, 17) വിശ്വാസം ജനിപ്പിക്കുമെന്നു നാം പഠിച്ചു: ''വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു'' (റോമർ 10:17). പ്രവൃത്തികൾ 2-ൽ പെന്തെക്കൊസ്തു നാളിൽ പത്രൊസ് പ്രസംഗിച്ചതിന്റെ ആദ്യ ഫലം വിശ്വാസമായിരുന്നു. അവന്റെ പ്രസംഗം കേട്ടവരെ യേശു തീർച്ചയായും ക്രിസ്തു തന്നെ എന്ന് അവൻ ബോധ്യപ്പെടുത്തി. അപ്പോൾ ആ *വിശ്വാസികൾ* അത്യുച്ചത്തിൽ ചോദിച്ചു: "ഞങ്ങൾ എന്തു ചെയ്യേണ്ടു?" (പ്രവൃത്തികൾ 2:36, 37).

**പാപത്തെ കുറിച്ചുള്ള ബോധം**

രണ്ടാമത്, നിങ്ങൾക്കു പരിശുദ്ധാത്മാവ് പാപത്തെ കുറിച്ച് ബോധം വരുത്തും. അതാണ് പെന്തെക്കൊസ്തു നാളിൽ സംഭവിച്ചത് (പ്രവൃത്തികൾ 2). യേശുവിൽ വിശ്വസിച്ചശേഷം, ആളുകളുടെ "ഹൃദയത്തിൽ കുത്തുകൊണ്ടു." പാപത്തെ കുറിച്ച് അവർക്കുബോധ്യമായി. അവർ ദൈവപുത്രനായ, മശിഹയെ, തന്നെയാണ് ക്രൂശിൽ തറെപ്പിച്ചത്, അല്ലാതെ ഏതോ ദൂഷണകുറ്റക്കാരനെ ആയിരുന്നില്ല എന്നവർക്കു മനസ്സിലായി. അവർക്കു കുറ്റബോധം തോന്നിയിരിക്കാം! എന്നാൽ അവർ മാത്രമായിരുന്നില്ല. നാമും, ക്രിസ്തുവിന്റെ ക്രൂശീകരണത്തിൽ കുറ്റക്കാരാണെന്നു കൂടി, മനസ്സിലാക്കേണ്ടിയിരുന്നു; അവരുടെ പാപം എന്നപോലെ നമ്മുടെ പാപം നിമിത്തവും ആയിരുന്നു യേശു മരിച്ചത്. നാം പാപത്തെ കുറിച്ച് ബോധ്യപ്പെടേണ്ടതുണ്ട്! നാം പാപത്തെ കുറിച്ച് ബോധ്യപ്പെട്ടില്ലെങ്കിൽ, നാം ആ വചനം കേൾക്കുവാൻ മടിക്കുന്നു!

**മാനസാന്തരം**

നിങ്ങൾ പുതിയനിയമം വായിക്കുമ്പോൾ, മൂന്നാമതായി, പരിശുദ്ധാത്മാവ് നിങ്ങളെ മാനസാന്തരത്തിലേക്കു നയിക്കുന്നു, എന്നു നിങ്ങൾക്കു കാണാം. മനുഷ്യർ വിശ്വസിക്കുകയും പാപത്തെ കുറിച്ചു ബോധ്യപ്പെടുകയും ചെയ്തപ്പോൾ, പത്രൊസ് അവരോടു മാനസാന്തരപ്പെടുവാൻ പറഞ്ഞു (പ്രവൃത്തികൾ 2:38). ഈ മാനസാന്തരം പാപത്തെ കുറിച്ചുള്ള ബോധ്യമല്ല; മറിച്ച് അത്തരം ബോധ്യത്തിന്റെ ഫലമാണത്. ഇനി പാപം ചെയ്യുകയില്ല എന്ന തീരുമാനമാണത്. അത് ഇന്ന് സകലജനത്തിനുമുള്ള ദൈവസന്ദേശമാണ്: "എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ, ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്ന് മനുഷ്യരോടു കല്പിക്കുന്നു" (പ്രവൃത്തികൾ 17:30). *എല്ലാവരും* മാനസാന്തരപ്പെടേണ്ടതുകൊണ്ടു, അതു പരിശുദ്ധാത്മാവിൽ നിന്നുള്ള നേരിട്ടുള്ള സന്ദേശമായി പരിഗണിക്കുക: നിങ്ങൾ മാനസാന്തരപ്പെടണം!

**പാപമോചനത്തിനുള്ള സ്നാനം**

അടുത്തത്, നിങ്ങൾ പുതിയനിയമം വായിക്കുമ്പോൾ, നിങ്ങളെ പരിശു

ദ്ധാത്മാവ് പാപമോചനത്തിനുള്ള സ്നാനത്തിലേക്കു നയിക്കുന്നു എന്നു കാണാം - പാപങ്ങളുടെ മോചനത്തിനായുള്ള വെള്ളത്തിലുള്ള സ്നാനം. ഈ സ്നാനം എല്ലായ്പ്പോഴും പരിശുദ്ധാത്മാവുമായി ബന്ധപ്പെടുത്തിയുള്ള താണ്. യോഹന്നാൻ 3:5 ഓർക്കുക: നാം വെള്ളത്താലും *ആത്മാവി*നാലും ജനിക്കണമെന്ന് യേശു പറഞ്ഞു. "ആത്മാവ്" എന്നു പറഞ്ഞിരിക്കുന്നത് തീർച്ചയായും പരിശുദ്ധാത്മാവ് ആണ്; "വെള്ളം" എന്നു പറഞ്ഞിരിക്കുന്നത് സ്നാനത്തിനുള്ള വെള്ളത്തെയാണ്. അതുകൊണ്ടു, ആത്മാവിനാൽ വീണ്ടും ജനിക്കുവാൻ, ഒരാൾ വെള്ളത്തിൽ സ്നാനമേല്ക്കുകയും വേണം. പെന്തെ ക്കൊസ്തു നാളിൽ, പത്രൊസ് പ്രസംഗിച്ചത് പരിശുദ്ധാത്മാവ് അവനു നൽകിയ വചനങ്ങളായിരുന്നു. പരിശുദ്ധാത്മശക്തിയാൽ, അവൻ മറ്റുള്ളവ രോട് രക്ഷിക്കപ്പെടുവാൻ, എന്തുചെയ്യണമെന്നാണ് പറഞ്ഞത്? "മാനസാ ന്തരപ്പെട്ട് ... നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ... സ്നാനമേൽ ക്കുവിൻ" (പ്രവൃത്തികൾ 2:38). പെന്തെക്കൊസ്തു നാളിൽ പരിശുദ്ധാത്മാവ് ആളുകളെ സ്നാനത്തിലേക്കു നയിച്ചു. അതുപോലെ, പരിശുദ്ധാത്മാവു പ്രവൃത്തികളുടെ പുസ്തകത്തിൽ ക്രിസ്ത്യാനികളായി തീർന്നവരെയെല്ലാം സ്നാനത്തിലേക്കു നയിച്ചിരുന്നു; നമുക്ക് വിശദീകരിക്കപ്പെട്ടിരിക്കുന്ന ഓരോ പരിവർത്തനത്തിലും, പ്രവൃത്തികളുടെ പുസ്തകം പ്രത്യേകമായി പറയു ന്നത് ആളുകൾ സ്നാനമേറ്റു എന്നാണ്. രക്ഷിക്കപ്പെടുവാൻ പരിശുദ്ധാത്മാവ് അന്ന് ആളുകളെ സ്നാനത്തിലേക്കു നയിച്ചുവെങ്കിൽ, അതേ ആത്മാവ് നിങ്ങളോടും അതിനായി നിർബന്ധിക്കുന്നു: നിങ്ങളുടെ പാപമോചനത്തി നായി സ്നാനമേൽക്കുവിൻ!

**ക്രിസ്തുവിന്റെ സഭ**

അഞ്ചാമത്, പുതിയനിയമം വായിക്കുമ്പോൾ, പരിശുദ്ധാത്മാവ് നിങ്ങളെ ക്രിസ്തുവിന്റെ സഭയിലേക്കു നയിക്കും എന്നു നിങ്ങൾ കണ്ടെത്തും. അതാ യിരുന്നു പെന്തെക്കൊസ്തു നാളിലെ സംഭവങ്ങളുടെ അനന്തരഫലം. പരിശു ദ്ധാത്മാവിന്റെ സന്ദേശം സ്വീകരിച്ചവർ സ്നാനമേൽക്കുകയും അവരെ അതു പ്രസംഗിച്ചവരോടു "ചേർക്കുകയും" ചെയ്തുകൊണ്ടിരുന്നു (പ്രവൃത്തികൾ 2:41). പ്രവൃത്തികൾ 2:47–ൽ, നാം വായിക്കുന്നത് കർത്താവ് രക്ഷിക്കപ്പെടുന്ന വരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു എന്നാണ് (കെജെവി). ആരംഭത്തിൽ "സഭ" എന്നതിനുള്ള വാക്കില്ലെങ്കിലും, അതേ ആശയം ആണു ള്ളത്. അന്നുമുതൽ, ഒരു സഭ നിലവിൽ വരുകയും, സ്നാനമേറ്റവരെ അതി ലേക്കു ചേർക്കുകയും ചെയ്തു. അതിനെകുറിച്ച് പൗലൊസ് 1 കൊരിന്ത്യർ 12:13–ൽ പറയുന്നു: "നാം എല്ലാവരും ഏക ശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റു. ..." ശരീരം എന്നതു സഭയാണ് (എഫെസ്യർ 1:22, 23). അത് ഏതു ശരീരം അല്ലെങ്കിൽ സഭ ആണ്? അത് ഏക സഭയാണ് (എഫെസ്യർ 4:5). അത് ഏതോ മനുഷ്യനിർമ്മിതമായ സഭയല്ല; അതു ക്രിസ്തുവിന്റെ സഭ യാണ്! (മത്തായി 16:18).പാപങ്ങളുടെ മോചനത്തിനായി സ്നാനമേൽക്കുവാൻ പരിശുദ്ധാത്മാവ് നിങ്ങളെ നയിക്കുമ്പോൾ, ആത്മാവ് നിങ്ങളെ കർത്താവിന്റെ സഭയിലേക്കും നയിക്കുന്നു. ആ സഭയിൽ, നിങ്ങൾക്ക് പരിശുദ്ധാത്മാവ് കൂടു തൽ ഉത്തരവാദിത്വവും കൂടുതൽ അനുഗ്രഹങ്ങളും നൽകുന്നുണ്ട്. ആയു ഷ്ക്കാലം മുഴുവൻ വിശ്വസ്തതയോടെ അവനെ ആരാധിക്കുവാനും സേവി ക്കുവാനും ഉള്ള ഉത്തരവാദിത്വം ആണ് നിങ്ങൾക്കു നൽകിയിരിക്കുന്നത്.

എന്നാൽ ഇവിടെ നിങ്ങൾ രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിലും, ദൈവകൃപ യിലും ആണ്, എന്നു നിങ്ങൾക്കുറപ്പിക്കാം, അവന്റെ വചനം മുഖാന്തരം തുടർന്നും നയിക്കപ്പെട്ടാൽ, നിങ്ങൾക്ക് സ്വർഗ്ഗത്തിൽ ഒരു ഭവനം ഉണ്ടെന്നു റപ്പാക്കാം.

ഈ സമയത്ത് ചിലർ എതിർത്തേക്കാം: "ആത്മാവ് എന്നെ ചില വ്യത്യ സ്തമായതിലേക്കാണ് നയിച്ചിരിക്കുന്നത്." ഒരുപക്ഷെ രക്ഷിക്കപ്പെടുവാൻ വ്യത്യസ്തമായ ചിലതു ചെയ്യുവാൻ അവൻ നിങ്ങളെ നയിച്ചെന്നോ, അവൻ നിങ്ങളെ വ്യത്യസ്തമായ ശരീരത്തിലേക്കോ സഭയിലേക്കോ നാമധേയവി ഭാഗത്തിലേക്കോ നയിച്ചെന്നോ നിങ്ങൾ വിശ്വസിച്ചേക്കാം.

ഒരുപക്ഷെ നിങ്ങളെ മറ്റൊരു ദിശയിലേക്ക് ആത്മാവു നയിച്ചു എന്നു പറയുന്നത് ശരിയായിരിക്കാം. എന്നാൽ ചോദ്യമിതാണ്: അത് ദൈവത്തിന്റെ ആത്മാവ് ആണോ? ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക: "പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ, ഏതു ആത്മാവിനെയും വിശ്വസിക്കാതെ; ആത്മാവു ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്വിൻ" (1 യോഹ 4:1). വ്യാജാത്മാക്കളും, കള്ളപ്രവാ ചകന്മാരും, ലോകത്തിൽ ഉണ്ട്.

നിങ്ങൾ പരിശുദ്ധാത്മാവിനാലാണോ അല്ലെങ്കിൽ കള്ളപ്രവാചകനാ ലാണോ നയിക്കപ്പെട്ടത് എന്നു നിങ്ങൾക്കു എങ്ങനെ അറിയാൻ കഴിയും? ആ കാര്യങ്ങൾ നിങ്ങൾ ചെയ്യുവാൻ നിങ്ങളെ നയിച്ചവർ ആരാണെന്നു ചോദിച്ചാലും ഇല്ലെങ്കിലും പരിശുദ്ധാത്മാവ് പുതിയനിയമ കാലയളവിലുള്ള കാര്യങ്ങൾ ആളുകളോടു ചെയ്യുവാൻ പറഞ്ഞുകൊണ്ടു നയിച്ചു! ഞാൻ ശഠിക്കുന്നത്, മറ്റു വാദങ്ങൾ നിങ്ങൾ സ്വീകരിച്ചാലും ഇല്ലെങ്കിലും, നിങ്ങൾ ഈ വസ്തുത കൈക്കൊള്ളണം: മുകളിൽ പറഞ്ഞ അഞ്ച് കാര്യങ്ങളിൽ നിന്നു, എന്തെങ്കിലും കുറവോ അല്ലെങ്കിൽ വ്യത്യസ്തമായതോ നിങ്ങൾ ചെയ്യുവാൻ ഇടയായാൽ, നിങ്ങൾ പരിശുദ്ധാത്മാവിനാൽ അല്ല നയിക്കപ്പെ ടുന്നത്!

## ഉപസംഹാരം

നിങ്ങൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുവാൻ നിങ്ങളെ അനുവദി ക്കുമോ? അവൻ ഇവിടെ മനുഷ്യരൂപത്തിൽ ഉണ്ടായിരുന്നുവെങ്കിൽ, ഈ സുപ്രധാന കാര്യങ്ങളെ കുറിച്ച് ബൈബിൾ പഠിപ്പിക്കുന്നതിനേക്കാൾ കൂടു തലോ അല്ലെങ്കിൽ കുറവോ അവൻ പറയുകയില്ല. അവന്റെ സന്ദേശം നിങ്ങ ളിൽ എത്തിച്ചിരിക്കുന്നു. നിങ്ങൾ അതു കേൾക്കുമോ? നിങ്ങൾ അത് അനു സരിക്കുമോ?